**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2208 **09.03.2018** - ലെ മറുപടിക്ക്

**<u>പട്ടികജാതി സമൂഹത്തിൽപ്പെട്ട വീടില്ലാത്തവർക്ക് വീട്ട നൽകുന്ന പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. വിൻസെന്റ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി സമൂഹത്തിൽപ്പെട്ട വീടില്ലാത്തവർക്ക് വീട് നൽകുന്നതിനായി എത്ര തുകയാണ് 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയത്; ഇതിൽ എത്ര കോടി രൂപ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്; | (എ) | പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണ ധനസഹായ പദ്ധതി നടപ്പിലാക്കുന്നതിന് 400 കോടി രൂപയാണ് നടപ്പുവർഷം വകയിരുത്തിയിട്ടുള്ളത്. ഇതിൽ നാളിതുവരെ 300.75 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര വീടുകൾ പൂർത്തീകരിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | 2017-18 വർഷം അനുവദിച്ച 7000 വീടുകളിൽ നിലവിൽ 136 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2007-08 മുതൽ 2016-17 വർഷം വരെ അനുവദിച്ച വീടുകളിൽ പണി പൂർത്തിയാകാതെ വിവിധ ഘട്ടങ്ങളിൽ അവശേഷിച്ച 25773 സ്പിൽ ഓവർ വീടുകളിൽ 7376 വീടുകൾ നടപ്പുവർഷം നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ